**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3128</u>** **<u>07-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>തിരുവമ്പാടിയിലെ ജലജീവൻ പദ്ധതി</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ലിന്റോ ജോസഫ്</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തിരുവമ്പാടി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും അനുവദിച്ച തുകയെത്രയെന്നും അവയിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;</td><td>(എ)</td><td>ജല ജീവൻ മിഷനിൽ തിരുവമ്പാടി മണ്ഡലത്തിൽ പ്രധാനമായും രണ്ടു പദ്ധതികളിലായാണ് പ്രവൃത്തി പുരോഗമിച്ചു വരുന്നത്<br><br><u>1. WSS to Chathamangalam, Unnikulam, Kizhakkoth, Kattippara, Kodenchery, Madavoor, Puthuppady, Thamarassery, Naduvannur</u><br><br>9 പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഈ സ്കീമിന്റെ ആകെ ഭരണാനുമതി തുക 872.60 കോടിയാണ്. ഈ സ്കീമിൽ ഉൾപ്പെടുന്ന തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി , പുതുപ്പാടി പഞ്ചായത്തുകളുടെ വിഹിതം 214 .94 കോടി രൂപയാണ്. ഇതിൽ 100.64 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br><u>2. WSS to Karassery, Kodiyathur, Omassery, Koodaranhi,Thiruvampady.</u><br><br>5 പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഈ സ്കീമിന്റെ ആകെ ഭരണാനുമതി തുക 333.50 കോടിയാണ്. ഈ സ്കീമിൽ ഉൾപ്പെടുന്ന തിരുവമ്പാടി മണ്ഡലത്തിലെ കൊടിയത്തൂർ, കാരശ്ശേരി, കൂടരഞ്ഞി, തിരുവമ്പാടി, എന്നീ പഞ്ചായത്തുകളുടെ വിഹിതം 243.05 കോടി രൂപയാണ്. ഇതിൽ 156.16 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയുടെ തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ;</td><td>(ബി)</td><td><table><tr><td>പഞ്ചായത്ത്</td><td>പ്രവൃത്തി<br><br>പൂർത്തീകരണം ശതമാനത്തിൽ</td></tr><tr><td>തിരുവമ്പാടി</td><td>90</td></tr><tr><td>കോടഞ്ചേരി</td><td>60</td></tr><tr><td>കൂടരഞ്ഞി</td><td>63</td></tr><tr><td>കാരശ്ശേരി</td><td>70</td></tr></table></td></tr>
</table>

| | | | |
|---|---|---|---|
| | | | കൊടിയത്തൂർ 65<br>പുതുപ്പാടി 65 |
| (സി) | പ്രസ്തുത പദ്ധതി പൂർത്തിയാകുവാൻ ഇനിയും എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കാരശേരി, കൊടിയത്തൂർ, തിരുവമ്പാടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ KSTP, KRFB, PWD റോഡുകളിൽ അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിച്ച ശേഷം പ്രവൃത്തി പൂർത്തീകരിക്കുവാൻ 12 മാസം സമയം ആവശ്യമുണ്ട്.<br><br>പുതുപ്പാടി പഞ്ചായത്തിൽ 2026 ൽ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു .<br><br>കൂടരഞ്ഞി, കോടഞ്ചേരി ഗ്രാമ പഞ്ചായത്തുകളിൽ 2028 വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ